സി.ജി(2) 43668/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 20/11/2013

Email : : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

# സർക്കുലർ നമ്പർ 77/2013

വിഷയം: സഹകരണ വകുപ്പ് - കാർഷിക വായ്പകൾക്കുള്ള 2% പലിശ ഇളവ്(Interest Subvention) സംബന്ധിച്ച്.

സൂചന: 28.08.2013 ലെ 189/DOR-61/2013-14/നമ്പർ നബാർഡ് സർക്കുലർ.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ 7 ശതമാനം പലിശ നിരക്കിൽ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന 3 ലക്ഷം രൂപാവരെയുള്ള കാർഷിക വായ്പകൾക്ക് 2 % പലിശയിളവും, ടി വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് മൂന്ന് ശതമാനം പലിശയിളവും, അനുവദിച്ച് നൽകുന്നതാണെന്ന് സൂചന പ്രകാരം നബാർഡ് അറിയിച്ചി ട്ടുണ്ട്. ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

നബാർഡിന്റെ പുനർവായ്പാ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കാർഷിക വായ്പകൾക്ക് പുറമേ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്ന് പരമാവധി 7% പലിശ നിരക്കിൽ വിതരണം ചെയ്ത 3 ലക്ഷം രൂപാവരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 2% പലിശയിളവ് ലഭിക്കുന്നതിനും, ടി വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് മൂന്ന് ശതമാനം പലിശയിളവ് ലഭിക്കുന്നതിനും അർഹതയു ണ്ടായിരിക്കും. പലിശ ഇളവ് ലഭിക്കുവാൻ അർഹതയുള്ള വായ്പകളെ സംബന്ധിച്ച വിവരങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ നബാർഡ് മാർഗ്ഗ നിർദ്ദേശത്തിന് അനുസൃതമായി തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പ് തല ആഡിറ്റർ സാക്ഷ്യപ്പെടുത്തി ജില്ലാ സഹകരണ ബാങ്കിന് സമർപ്പിക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കുകൾ അവർക്ക് അർഹതപ്പെട്ട തുക കൂടി ഉൾപ്പെടുത്തി കൺകറന്റ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി പട്ടിക സംസ്ഥാന സഹകരണ ബാങ്കിന് നൽകേണ്ടതുമാണ്. സംസ്ഥാന സഹകരണ ബാങ്ക് അന്തിമ പട്ടിക നിർദ്ദിഷ്ട പ്രോഫോർമായിൽ തയ്യാറാക്കി വകുപ്പ് തല കൺകറന്റ് ആഡിറ്റർ സാക്ഷ്യപ്പെടുത്തി നബാർഡിന് സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് പരിശോധന യ്ക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും പാലിക്കേണ്ടതും, പാലിക്കുന്നുണ്ടെന്ന് വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതുമാണ്.

**ഒപ്പ്**
**കെ.വി.സുരേഷ് ബാബു**
**സഹകരണസംഘം രജിസ്ട്രാറുടെ ചുമതല**
**വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ(ക്രെഡിറ്റ്)**

**പകർപ്പ്:-**

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ (ജനറൽ & ആഡിറ്റ്) മാർക്കും
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ
5. ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ ആഡിറ്റ് മുഖേന)
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
10. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
11. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
13. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
14. സ്റ്റോക്ക് ഫയൽ/സ്പെയർ.
15. വെബ്സൈറ്റ്